# സ്കൂൾ അക്കാദമിക മാസ്റ്റർ പ്ലാൻ 2025-26

ഗവ: ഗേൾസ് ഹൈസ്കൂൾ - ചാലക്കുടി

# ഗവ. ഗേൾസ് ഹൈസ്കൂൾ, ചാലക്കുടി

## വിദ്യാലയ വികസന രേഖ

### ആമുഖം

ചാലക്കുടി നഗരഹൃദയത്തിൽ പൗരാണിക പ്രൗഢിയോടുകൂടി തല ഉയർത്തി നിൽക്കുന്ന പെൺകുട്ടികൾക്കു മാത്രമായുള്ള വിദ്യാലയമാണ് ഈസ്റ്റ് സ്കൂൾ എന്നറിയപ്പെടുന്ന ചാലക്കുടി ഗവ. ഗേൾസ് ഹൈസ്കൂൾ. ശതാബ്ദി പിന്നിട്ട ഈ വിദ്യാലയം വൈവിധ്യമാർന്ന പ്രവർത്തനങ്ങളിലൂടെ സ്ത്രീശാക്തീകരണത്തിന് ഊന്നൽ നൽകി പെൺകുട്ടികൾക്ക് കരുത്തും സമത്വവും നൽകിക്കൊണ്ട് തല ഉയർത്തിനിൽക്കുന്നു. സംസ്ഥാനം ശ്രദ്ധിക്കപ്പെടുന്ന നിരവധി പെൺകരുത്തുകളെ സൃഷ്ടിച്ചുകൊണ്ട് പുതിയ വെല്ലുവിളികൾ ഏറ്റെടുത്ത് മുന്നേറുന്നു. വർഷങ്ങളായി നൂറുമേനി വിജയവും കലാകായിക, ശാസ്ത്ര, പ്രവർത്തിപരിചയ മേളകളിൽ മികച്ച വിജയവും കാഴ്ചവെയ്ക്കാൻ കഴിഞ്ഞു എന്നതിൽ ചാരിതാർത്ഥ്യതയുണ്ട്.

സമീപപ്രദേശത്തുള്ള സമ്പന്ന വിദ്യാലയങ്ങളുമായി കിടപിടിച്ചുകൊണ്ടാണ് ഈ വിജയം നേടിയതെന്നത് എടുത്തുപറയേണ്ടതുതന്നെ. പരിസ്ഥിതികൾ അനവധിയുള്ള ഈ വിദ്യാലയത്തിന്റെ സന്തതികൾ സാധാരണക്കാരിൽ സാധാരണക്കാരാണെന്നുള്ളത് ശ്രദ്ധിക്കേണ്ടതുണ്ട്. ഇത്തരം കുട്ടികളെ കൈപിടിച്ചുയർത്തി മുഖ്യധാരയിൽ എത്തിക്കുകയെന്നുള്ള ദൗത്യമാണ് ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നത്. ഞങ്ങളുടെ ഈ ദൗത്യത്തിൽ പങ്കുചേർന്ന് ഞങ്ങൾക്ക് കൈത്താങ്ങാകണമെന്ന് ഗവൺമെന്റിനോടും പ്രാദേശിക ഭരണസംവിധാനത്തോടും വിനയപൂർവ്വം അഭ്യർത്ഥിക്കുന്നു.

സമൂഹത്തിലെ പാർശ്വവത്ക്കരിക്കപ്പെട്ട ജനവിഭാഗത്തിന്റെ കുട്ടികളാണിവിടെ വിജയത്തിളക്കം നൽകുന്നത് എന്നത് തിളക്കത്തിന്റെ മാറ്റ് കൂട്ടുന്നു. സ്കൂൾ കാമ്പസിൽ തന്നെ പ്രവർത്തിക്കുന്ന ST ഹോസ്റ്റൽ ഈ വിദ്യാലയവുമായി കൈകോർത്തു നിൽക്കുന്നു. തികച്ചും പരിമിതികൾ ഏറെയുള്ള ഈ ഹോസ്റ്റലിൽ താമസക്കാരായ കാടിന്റെ മക്കളാണ് ഈ വിദ്യാലയത്തിന്റെ പ്രൗഢസന്തതികൾ. അവരെ മുഖ്യധാരയിലെത്തിച്ച് ശക്തിപ്പെടുത്തുമ്പോഴാണ് ഗാന്ധിജിയുടെ ഗ്രാമസ്വരാജ് അർത്ഥപൂർണ്ണമാവുക. ഈ യജ്ഞത്തിൽ ഞങ്ങളോടൊപ്പം അണിചേരാൻ നാടിന്റെ ഉയർച്ച ആഗ്രഹിക്കുന്ന എല്ലാ സുമനസ്സുകളേയും ഞങ്ങൾ സാദരം ക്ഷണിക്കുന്നു. "സുസ്ഥിര വികസിത സംസ്ഥാനത്തിനായി മുന്നേറാം, നമുക്കൊരുമിച്ച്"

വിദ്യാലയ വികസനത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നിലവിലെ വിദ്യാലയത്തിന്റെ അവസ്ഥ അപഗ്രഥിക്കേണ്ടതുണ്ട്. നിലവിൽ ഈ വിദ്യാലയത്തിലെ വിദ്യാർത്ഥികളുടെയും ജീവനക്കാരുടെയും എണ്ണം താഴെ പറയും വിധമാണ്.

| ക്ലാസ്സ് | വിദ്യാർത്ഥികളുടെ എണ്ണം | ഡിവിഷനുകളുടെ എണ്ണം | അദ്ധ്യാപകരുടെ എണ്ണം | അനദ്ധ്യാപകരുടെ എണ്ണം |
|---|---|---|---|---|
| 5 | 19 | 1 | 1 | |
| 6 | 24 | 1 | 1 | |
| 7 | 15 | 1 | 1 | |
| 8 | 36 | 2 | | 4 |
| 9 | 49 | 2 | 9 | |
| 10 | 50 | 2 | | |

1) **നിലവിലെ ഭൗതിക സൗകര്യങ്ങൾ**

| | | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| Kitchen | Play ground | Class Room | Lab | Libarary | Computer Lab | Counselling Room | IED Room | Sick Room | Dining Hall | Visitors Room | Sports Room | School Society Room | Store Room | Office | HM Room | Driking Water | Toilets |
| ഉണ്ട് | ഇല്ല | 15 | 1 | 1 | 1 | ഇല്ല | 1 | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | 1 | 1 | 1 | ഇല്ല | 7 |

പട്ടികയിൽ നിന്നും നിലവിൽ സ്കൂളിന്റെ അവസ്ഥ വ്യക്തമാണ്. പൊതുവിദ്യാലയങ്ങൾ അന്താരാഷ്ട്രനിലവാരത്തിലേയ്ക്കുയർത്തുമ്പോൾ സമഗ്രമേഖലകളിലും നവീകരണവും കൂട്ടിച്ചേർക്കലും ആവശ്യമാണ്. ഈ പരിതസ്ഥിതി ഉൾക്കൊണ്ടുകൊണ്ടാണ് സ്കൂൾ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ ശ്രമിക്കുന്നത്. ഇത് പൂർണമാണെന്നവകാശമില്ല. തിരുത്തലുകളും കൂട്ടിച്ചേർക്കലുകളും കൊണ്ട് സമ്പന്നമാക്കി ഉത്തമമായൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ കഴിയുമെന്ന വിശ്വാസവുമുണ്ട്.

**ലക്ഷ്യങ്ങൾ**

- ✧ മികവുള്ളതും ഗുണമേന്മയുള്ളതുമായ വിദ്യാഭ്യാസം എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുക.
- ✧ അവസര സമത്വത്തിലൂടെ എല്ലാവർക്കും വിജയവീഥി ഒരുക്കുക.

- ✧ സ്മാർട്ട് ക്ലാസ്മുറിയുടെയും പരീക്ഷണ നിരീക്ഷണങ്ങളുടെയും, പഠനോപകരണങ്ങളുടെയും പിൻബലത്തോടെ പഠനം ആസ്വാദ്യകരമായ അനുഭൂതിയാക്കിമാറ്റുക.
- ✧ വിദ്യാർത്ഥികളുടെ സമഗ്രവികസനം ഉറപ്പുവരുത്തി ഉത്തമ പൗരന്മാരായി വളർത്തിയെടുക്കുക.
- ✧ സഹജീവികളോട് സഹാനുകമ്പയോടെ പെരുമാറുവാൻ പ്രാപ്തരാക്കുക.
- ✧ കലാകായിക പ്രവർത്തി പരിചയ വിദ്യാഭ്യാസം എല്ലാവർക്കും ഉറപ്പുവരുത്തുക.
- ✧ വിദ്യാർത്ഥികൾ ഓരോ ക്ലാസ്സിലും ആർജ്ജിക്കേണ്ട ശേഷികളും, നൈപുണികളും സമയ ബന്ധിതമായി നേടിയെന്നുറപ്പുവരുത്തുക.
- ✧ പ്രത്യേകം പരിഗണ അർഹിക്കുന്ന വിദ്യാർത്ഥികളെ പ്രത്യേകമായി പരിഗണിച്ച് മുഖ്യധാര യിലേയ്ക്കുയർത്തുക.
- ✧ ഉച്ചഭക്ഷണം കുറ്റമറ്റതാക്കാനുള്ള അടുക്കള, ഭോജനശാല എന്നിവയുടെ നിർമാണം.
- ✧ പഠനപ്രവർത്തനങ്ങൾക്കാവശ്യമായ ലാബ്, ലൈബ്രറി, സ്മാർട്ട് ക്ലാസ്മുറി, പഠനോപകര ണങ്ങൾ എന്നിവ ഉറപ്പുവരുത്തുക.
- ✧ സ്ത്രീശാക്തീകരണത്തിലും ലിംഗസമത്വത്തിലും ഊന്നിനിന്നുകൊണ്ട് വിദ്യാർത്ഥിനികൾക്ക് നിർഭയമായി സമൂഹത്തിൽ ജീവിക്കുവാനുള്ള പിൻതുണയും കരുത്തും നൽകുക.
- ✧ വിദ്യാർത്ഥി സൗഹൃദസ്കൂൾ അന്തരീക്ഷം ഉറപ്പുവരുത്തുക.
- ✧ ലാബ്, ലൈബ്രറി, ശുചിമുറി, കുടിവെള്ളം തുടങ്ങി സമസ്ത മേഖലകളും അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുക.
- ✧ സ്കൂൾതല അക്കാദമിക നിലവാരം അന്താരാഷ്ട്ര തലത്തിലെത്തിക്കുക.

അന്താരാഷ്ട്ര നിലവാരത്തിലുള്ള വിദ്യാഭ്യാസം ഉറപ്പുവരുത്തുവാൻ താഴെ പറയുന്ന കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്. പൊതു വിദ്യാഭ്യാസത്തിന് മൂല്യച്യുതി സംഭവിച്ചിട്ടുണ്ട് എന്ന് അംഗീകരിച്ചുകൊണ്ടുതന്നെ മൂല്യബോധമുള്ള മികവുറ്റ വിദ്യാഭ്യാസം കൈവരിക്കുകയാണ് പ്രഥമ ലക്ഷ്യം. കാലചക്രത്തിന്റെ മാറ്റത്തിനനുസരിച്ച് പഠനബോധനപ്രക്രിയയിലും ഉള്ളടക്കത്തിലും കാതലായ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. ഇതിൽ ചിലതൊക്കെ വിദ്യാലയ മികവിനെ പിന്നോട്ടു വലിച്ചിട്ടുണ്ടെന്നത് സത്യം. മാറിയ പഠനവൈകല്യവും മൂല്യച്യുതിയും മൂലം ഇന്ന് പൊതു വിദ്യാലയത്തിലെ ഹൈസ്കൂൾ ക്ലാസുകളിൽ എത്തുന്ന കുട്ടികളിൽ 25% നും അടിസ്ഥാനഭാഷാ നൈപുണിയോ, ശാസ്ത്ര, ഗണിതശാസ്ത്ര നൈപുണിയോ ഇല്ല എന്ന യാഥാർത്ഥ്യം അവ ഗണിക്കാവുന്നതല്ല.

അതിനാൽ ഇത്തരം വിദ്യാർത്ഥികൾക്ക് അടിസ്ഥാന ശേഷികൾ ഉറപ്പുവരുത്തുകയാണ് ആദ്യപടി. ഇതിനായി മലയാളം, ഹിന്ദി, ഇംഗ്ലീഷ് എന്നീ ഭാഷകളുടെ അനായാസ ക്രയവിക്രയ

ശേഷി നേടുവാൻ പര്യാപ്തമായ ഫ്ളിപ്കാർഡ്, ജിക്സോ തുടങ്ങി കംപ്യൂട്ടർ വരെയുള്ള സങ്കേതങ്ങൾ പ്രത്യേക പഠനപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നു. കൃത്യമായ മോനിട്ടറിംഗും, മൂല്യനിർണ്ണയവും നടത്തി വിദ്യാർത്ഥികൾ ലക്ഷ്യത്തിലെത്തിയെന്ന് ഉറപ്പുവരുത്തുന്നു. ഏതെങ്കിലും തരത്തിലുള്ള പരിമിതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം അധിക പഠനവും പരിഹാര ബോധനവും നടത്തി എല്ലാവർക്കും നിലവാരം ഉറപ്പുവരുത്തുന്നു. ജൂൺ മാസത്തിൽ നടക്കുന്ന ഈ പ്രക്രിയയ്ക്ക് ശേഷം മികവാർന്നതും ആകർഷകമായതുമായ പഠനാനുഭവങ്ങൾ നൽകി നിർദ്ദിഷ്ട കരിക്കുലാർ ഒബ്ജക്ടീവ് നേടിയെന്ന് ഉറപ്പുവരുത്തുന്നു. ചോദ്യപ്പെട്ടി, ക്വിസ് തുടങ്ങി വൈജ്ഞാനിക വർദ്ധനവിന്യാസമായ നിരവധി പ്രവർത്തനങ്ങൾ നിരന്തരമായി രൂപപ്പെടുത്തുകയും കുട്ടികളെ പൂർണ്ണമായി പങ്കെടുപ്പിക്കുകയും ചെയ്യും.അദ്ധ്യാപകരുടെയും അനദ്ധ്യാപകരുടെയും അദ്ധ്യാപകരക്ഷാകർത്തൃ സംഘടനകളുടെയും പൊതുജനങ്ങളുടെയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെയും ഗവൺമെന്റിന്റെയും സംയുക്തമായ ഇടപെടലോടുകൂടി അക്കാദമിക നിലവാരവും, അച്ചടക്കവും, മൂല്യബോധവും ഉറപ്പിക്കുന്നു.

## അക്കാദമിക മാസ്റ്റർ പ്ലാൻ - മലയാളം

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | മാതൃഭാഷാ പഠനത്തിൽ അടിസ്ഥാനശേഷി ഉറപ്പിക്കുന്നു | ✧ പ്രീടെസ്റ്റ് നടത്തി ശക്തിയും ദൗർബല്യവും കണ്ടെത്തുന്നു.<br>✧ പ്രത്യേക പരിശീലന ക്ലാസ്സുകൾ<br>✧ ശ്രാവ്യവായന<br>✧ പദപരിചയം<br>✧ വാക്കിൽ നിന്ന് വാക്കുകൾ വാചകങ്ങൾ<br>✧ ചിത്രവായന<br>✧ ചിത്രാധിഷ്ഠിത കഥാരചന<br>✧ പരിചിതമായ നാടോടിക്കഥകളും മറ്റും സ്വന്തം ഭാഷയിൽ അവതരിപ്പിക്കുന്നു. | ഒരു മാസം (ജൂൺ) (അധികപഠന സമയം) | മലയാളം അദ്ധ്യാപകൻ PTA / SMC MPTA | Rs. 30 / Student<br>LSG & Govt.<br>SSA / RMSA |
| 2 | പദസമ്പത്ത് വർദ്ധിപ്പിക്കുന്നു | ✧ പദാർത്ഥ പ്രശ്നോത്തരി<br>✧ പദസൂര്യൻ<br>✧ പദപ്പയറ്റ്<br>✧ പദകേളി<br>✧ നിഘണ്ടു നിർമ്മാണം | മാസത്തിൽ രണ്ടുപ്രാവശ്യം (അധികപഠന സമയം) | മലയാളം അദ്ധ്യാപകൻ PTA / MPTA / SMC | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 3 | വായനാ പരിപോഷണം | ✧ വായനക്കൂട്ടം, വായനാക്കുറിപ്പ്<br>✧ ആസ്വാദനക്കുറിപ്പ്<br>✧ ചർച്ച, അനുഭവങ്ങൾ പങ്കുവയ്ക്കൽ<br>✧ കൗതുകവാർത്താശേഖരണം<br>✧ വായനമൂല | മാസത്തിൽ രണ്ടുപ്രാവശ്യം | മലയാളം അദ്ധ്യാപകൻ<br>PTA / MPTA / SMC | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |
| 4 | ശാസ്ത്രീയ നാടൻ കലാസ്വാദനം വളർത്തുക | ✧ കലാ ആസ്വാദനശില്പശാല<br>✧ അവരവരുടെ കഴിവിനൊത്ത അവതരണം<br>✧ ചലച്ചിത്രോത്സവം<br>✧ തെരഞ്ഞെടുത്ത കലകളുടെ ദൃശ്യാവിഷ്ക്കാരം<br>✧ കലാഡെമോൺസ്ട്രേഷൻ | ഓരോ ടേമിലും ഒന്നുവീതം | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 5000 / Programme<br>LSG & Govt.<br>SSA / RMSA |
| 5 | മാധ്യമപ്രവർത്തന പരിചയം | ✧ കൈയ്യെഴുത്ത് മാസിക<br>✧ മാസപ്പത്രം<br>✧ സ്കൂൾ റേഡിയോ<br>✧ സ്കൂൾ അസംബ്ലി<br>✧ സംവാദം | മാസത്തിൽ ഒന്ന് | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 5 / Student<br>LSG / Govt.<br>SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 6 | സാഹിത്യാഭിരുചി മെച്ചപ്പെടുത്തുക | ✧ അഭിമുഖം<br>✧ സാഹിത്യശിൽപ്പശാല<br>✧ കവിയരങ്ങ്<br>✧ പുസ്തകപരിചയം<br>✧ പ്രദർശനം<br>✧ മ്യൂസിയം | മാസത്തിൽ ഒരു തവണ | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 5000<br>LSG / Govt.<br>SSA / RMSA |
| 7 | ✧ സർഗ്ഗാത്മക രചനാശേഷി വളർത്തുക<br>✧ കൈയ്യക്ഷര മികവ് വളർത്തുക<br>✧ സാഹിത്യ ലോക പരിചയം<br>✧ ചിത്രരചനാ ചാതുരി പരിപോഷിപ്പിക്കൽ | ✧ വിജ്ഞാനസദസ്സ്<br>✧ സാഹിത്യകാരന്മാരുടെ ചർച്ചാവിശകലന ക്ലാസ്സുകൾ<br>✧ കൈയ്യെഴുത്ത് മാസിക<br>✧ കുട്ടിപ്പത്രം<br>✧ പ്രസംഗപരിശീലനക്കളരി<br>✧ സംവാദം<br>✧ സ്കൂൾ സ്മരണിക<br>✧ ഇൻലെന്റ് മാസിക<br>✧ ചുമർപത്രിക | മാസത്തിൽ രണ്ട് തവണ | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 5000 /-<br>LSG / Govt.<br>SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 8 | കലാപൈതൃകത്തെ ഉൾക്കൊള്ളുകയും പരിപോഷിപ്പിച്ച് ആദരിക്കലും | ✧ കേരളകലാമണ്ഡലം, തുഞ്ചൻപ്പറമ്പ്, ചങ്ങമ്പുഴ സ്മാരകമന്ദിരം തുടങ്ങി കലാപൈതൃക ഭൂമിയിലേയ്ക്ക് പഠനയാത്ര<br>✧ ഡെമോൺസ്ട്രേഷൻ<br>✧ അഭിമുഖം | രണ്ടുദിവസം വർഷത്തിൽ ഒന്ന് | അദ്ധ്യാപകർ PTA / MPTA / SMC | Rs. 15000<br>LSG / Govt.<br>SSA / RMSA |
| 9 | മൂല്യബോധം വളർത്തി സാമൂഹിക പ്രതിബദ്ധത ഉറപ്പിക്കുന്നു. | ✧ ടെലിഫിലിം,-കുട്ടികളുടെ<br>✧ തെരുവുനാടകം-"<br>✧ അഗതിമന്ദിര സന്ദർശനം<br>✧ പൊതുസ്ഥലം വൃത്തിയാക്കൽ<br>✧ സഹപാഠികളുടെ ഗൃഹസന്ദർശനം<br>✧ പരസ്പര സഹായവും പങ്കുവയ്ക്കലും | മൂന്ന് മാസം വർഷത്തിൽ ഒരിക്കൽ | അദ്ധ്യാപകർ PTA / MPTA / SMC | Rs. 50000 /-<br>LSG / Govt.<br>SSA / RMSA |
| 10 | കവിതാബോധവും ആലാപന ശൈലിയും വളർത്തുക | ✧ അക്ഷരശ്ലോക സദസ്സ്<br>✧ അന്ത്യാക്ഷരി<br>✧ കമ്പോസിംഗ്<br>✧ കാവ്യകേളി | മാസത്തിൽ ഒരിക്കൽ | അദ്ധ്യാപകർ PTA / MPTA / SMC | Rs. 5 / Student<br>LSG / Govt.<br>SSA / RMSA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | ✧ പ്രാഥമിക ടെസ്റ്റ് നടത്തി മികവുകളും, പരിമിതികളും കണ്ടെത്തുന്നു<br>✧ സ്പെല്ലിംഗ്, വായന, ഗ്രാമർ എന്നീ മേഖലയിൽ പിന്തുണയോടുകൂടി പരിമിതികൾ മറികടക്കുവാൻ ആവശ്യമായ പ്രവർത്തനങ്ങൾ<br>✧ പ്രത്യേക പരിശീലന ക്ലാസ്സുകൾ<br>✧ ശ്രാവ്യവായന<br>✧ പദപരിചയം<br>✧ ചിത്രവായന<br>✧ ചിത്രകഥ<br>✧ ഡയലോഗ്സ് | ഒരു മാസം (ജൂൺ) | ഇംഗ്ലീഷ് അദ്ധ്യാപകർ PTA / MPTA / SMC | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |
| 2 | ഭാഷാ താത്പര്യം വളർത്തുക | ✧ English Assembly<br>✧ Reading Corner<br>✧ Cartoons<br>✧ Picture Story<br>✧ Good Rhymes | മാസത്തിൽ രണ്ടുതവണ/ ആഴ്ചയിൽ ഒരു തവണ | അദ്ധ്യാപകർ PTA / MPTA / SMC | Rs. 5 / Student |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 3 | പദസമ്പത്ത് വർദ്ധിപ്പിക്കുക | ✧ Wall Magazines<br>✧ Manuscripts<br>✧ പദകേളി<br>✧ പദസൂര്യൻ<br>✧ Gues and win games<br>✧ English Fest<br>✧ Rhymes<br>✧ Word Chart<br>✧ Pick and eat game | Once / Twice Month | Teacher<br>PTA / MPTA / SMC | Rs. 10 / Student<br>LSG / Govt.<br>SSA / RMSA |
| 4 | ഭാഷാ സ്വാധീനം ഉറപ്പിക്കുക | ✧ One word a day<br>✧ Dictionary Making<br>✧ Word Chart<br>✧ Small Stories and Poems<br>✧ Appreciation Notes<br>✧ Picturization of Charactors<br>✧ Language Lab | Twice in a Month | Teacher<br>PTA / MPTA / SMC | Rs. 1,00,000<br>LSG /Govt.<br>SSA / RMSA |
| 5 | കൈയ്യക്ഷരം വൃത്തിയാക്കുക | ✧ English Magazine<br>✧ Notice Preparation<br>✧ News Paper Preparation<br>✧ School Radio Telecast<br>✧ Language Club | Every Work | Teacher<br>PTA / MPTA / SMC | Rs. 50 / Student<br>LSG / Govt.<br>SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 6 | ഉച്ചാരണം ശരിയാക്കുക | ✧ Language Lab<br>✧ English Movies and Songs<br>✧ Cartoon<br>✧ Spoken English<br>✧ Dialogue with Eminent Personalities<br>✧ Picturization of Textual content and Dramatization | Once a week | Teacher<br>PTA / MPTA / SMC<br>OSA | Rs. 10 / Student<br>LSG / Govt.<br>SSA / RMSA |
| 7 | പത്രപ്രവർത്തനം | ✧ വാർത്തകൾ കണ്ടെത്തി തയ്യാറാക്കി എഡിറ്റ് ചെയ്ത് ന്യൂസും മറ്റും അവതരിപ്പിക്കുക<br>✧ സ്കൂൾ റേഡിയോ<br>✧ സ്കൂൾ പത്രം / മാഗസിൻ<br>✧ ചുവർ പത്രം | Twice in a Month | Teacher<br>PTA / MPTA / SMC<br>OSA | Rs. 5/ Student<br>LSG /Govt.<br>SSA / RMSA |
| 8 | സർഗ്ഗാത്മകത വളർത്തുന്നു | ✧ School Radio<br>✧ Cartoon<br>✧ School News Paper<br>✧ Book Familiarization<br>✧ Language Club | Twice in a Month | Teacher<br>PTA / MPTA / SMC<br>OSA | Rs. 10 / Student<br>LSG / Govt.<br>SSA / RMSA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഹിന്ദി

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഭാഷാ പഠനത്തിന് അടിസ്ഥാനശേഷി ഉറപ്പിക്കുന്നു | ✧ പഠനനിലവാരം കണ്ടെത്താൻ പ്രീ ടെസ്റ്റ്<br>✧ വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തൽ<br>✧ ഫ്ളിപ് കാർഡ്, പദസൂര്യൻ തുടങ്ങിയ പ്രവർത്തനങ്ങൾ<br>✧ ചിത്രവായന<br>✧ ചിത്രാധിഷ്ഠിത കഥാരചന<br>✧ ശ്രാവ്യവായന<br>✧ പദപരിചയം | ഒരു മാസം (ജൂൺ) | Hindi Teacher<br>PTA / MPTA<br>SMC | Rs. 10 / Student<br>LSG / Govt.<br>SSA / RMSA |
| 2 | പദസമ്പത്ത് വർദ്ധിപ്പിക്കൽ | ✧ പദാർത്ഥ പ്രശ്നോത്തരി<br>✧ പദസൂര്യൻ<br>✧ പദപ്പയറ്റ്<br>✧ പദകേളി<br>✧ അറിയാം പുതിയൊരു വാക്ക്<br>✧ ഡിക്ഷണറി നിർമ്മാണം<br>✧ പച്ചക്കറി, പഴം, ഭക്ഷണ ക്വിസ്<br>✧ ഹിന്ദി ഡയറി | Once in a week | Teacher<br>PTA / MPTA / SMC | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 3 | വായന പരിപോഷണം | ✧ വായനക്കൂട്ടം<br>✧ വായനാക്കുറിപ്പ്<br>✧ ആസ്വാദനക്കുറിപ്പ്<br>✧ ചർച്ച – അനുഭവം പങ്കുവയ്ക്കൽ<br>✧ വായനമൂല<br>✧ കൗതുകവാർത്താശേഖരണം | Once in two weeks | Teacher<br>PTA / MPTA / SMC | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |
| 4 | മാധ്യമപ്രവർത്തനം | ✧ കൈയ്യെഴുത്തുമാസിക<br>✧ സ്കൂൾ പത്രം<br>✧ സ്കൂൾ റേഡിയോ<br>✧ സ്കൂൾ അസംബ്ലി<br>✧ സംവാദം | Once in a Month | Teacher<br>PTA / MPTA / SMC | Rs. 5 / Student<br>LSG & Govt.<br>SSA / RMSA |
| 5 | സാഹിത്യാഭിരുചി മെച്ചപ്പെടുത്തൽ | ✧ സാഹിത്യ ശിൽപ്പശാല<br>✧ കവിയരങ്ങ്<br>✧ പുസ്തകപരിചയം<br>✧ അഭിമുഖം<br>✧ മ്യൂസിയം<br>✧ പ്രദർശനം | Once in a Month | Teacher<br>PTA / MPTA / SMC | Rs. 10 / Student<br>LSG / Govt.<br>SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 6 | സർഗ്ഗാത്മക രചനാ ശേഷി വളർത്തുക കയ്യക്ഷര മികവ് | ✧ വിജ്ഞാനസദസ്സ്<br>✧ സാഹിത്യകാരന്മാരുടെ ചർച്ച വിശകലന ക്ലാസുകൾ<br>✧ കയ്യെഴുത്തുമാസിക<br>✧ കുട്ടിപ്പത്രം<br>✧ പ്രസംഗ പരിശീലനക്കളരി<br>✧ സംവാദം<br>✧ സ്കൂൾ സ്മരണിക<br>✧ ചുമർപത്രിക | മാസത്തിൽ രണ്ടു തവണ | Teacher<br>PTA / MPTA / SMC | Rs. 100 / Student<br>LSG & Govt.<br>SSA / RMSA |
| 7 | കവിതാബോധം | ✧ ടെലിഫിലിം<br>✧ അക്ഷരശ്ലോകസദസ്<br>✧ അന്താക്ഷരി<br>✧ കംപോസിംഗ് | Once a Month | Teacher<br>PTA / MPTA / SMC | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |
| 8 | മൂല്യബോധം വളർത്തി സാമൂഹിക പ്രതിബദ്ധത ഉറപ്പിക്കുക | ✧ ടെലിഫിലം<br>✧ തെരുവുനാടകം<br>✧ സഹപാഠികളുടെ ഗൃഹസന്ദർശനം<br>✧ പരസ്പരസഹായവും പങ്കുവയ്ക്കലും | Once in a Term | Teacher<br>PTA / MPTA / SMC | Rs. 5 / Student<br>LSG / Govt.<br>SSA / RMSA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - ഗണിതശാസ്ത്രം

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ഗണിത ക്രിയകൾ ഉറപ്പിക്കൽ | ✧ പ്രീടെസ്റ്റ് നടത്തി മികവും ദൗർബല്യവും തിരിച്ചറിയുന്നു<br>✧ പ്രത്യേക പരിശീലന ക്ലാസ്സുകൾ<br>✧ പരിഹാരബോധന ക്ലാസുകൾ<br>✧ ഗണിതക്രിയകൾ<br>✧ ഗണിത ചാർട്ട്<br>✧ ഗണിത ചതുരംഗം<br>✧ ഗണിത പാമ്പും ഗോവണിയും | ഒരു മാസം (ജൂൺ) | ഗണിതാദ്ധ്യാപകൻ<br>PTA / MPTA / SMC | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |
| 2 | ഗണിതപഠനം രസകരവുംആസ്വാദ്യകരവുമാക്കുവാൻ | ✧ പ്രഗത്ഭരുടെ പ്രചോദാത്മകമായ ക്ലാസ്സുകൾ<br>✧ പസൽസ് & ഗെയിംസ്<br>✧ പഠനോപകരണ നിർമ്മാണ ശിൽപ്പശാല | ഓരോ ടേമിലും ഒന്ന് വീതം | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 25000<br>LSG & Govt.<br>SSA / RMSA |
| 3 | ഗണിത ശാസ്ത്രജ്ഞരും അവരുടെ സംഭാവനകളും അറിയുക | ✧ പോസ്റ്റർ നിർമ്മാണം<br>✧ പ്രശ്നോത്തരി<br>✧ സെമിനാർ<br>✧ മ്യൂസിയം<br>✧ ഗണിത ദിനാചരണം<br>✧ ശാസ്ത്രജ്ഞരുടെ ആൽബം | മാസത്തിൽ ഒന്ന് | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 5000/-<br>LSG & Govt.<br>SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 4 | നവീന ഗണിതാശയങ്ങൾ സ്വാംശീകരിക്കുന്നു | ✧ ഗണിത വായന<br>✧ മത്സരഗണിതം<br>✧ ഗണിത ലാബ്<br>✧ പഠനോപകരണ നിർമ്മാണ ശിൽപ്പശാല<br>✧ ഗണിതോത്സവം | ഒരു വർഷം | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 10 / Student<br>LSG & Govt.<br>RMSA / SSA |
| 5 | ഗണിതത്തെ ദൈനംദിന സംഭവുമായി ബന്ധിപ്പിച്ച് പ്രായോഗിക ജ്ഞാനം നേടുന്നു | ✧ സംഖ്യകൾ, ചതുഷ്ക്രിയകൾ, ഭിന്നസംഖ്യകൾ, ദശാംശം, ന്യൂനസംഖ്യകൾ, ലഘുസമവാക്യങ്ങൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട നിത്യോപയോഗ പ്രശ്നങ്ങളെ അപഗ്രഥിക്കുന്നു.<br>✧ ഗണിതലാബ് പ്രവർത്തനം | ഒരു ടേമിൽ ഒന്നുവീതം | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 5 / Student<br>LSG & Govt.<br>RMSA / SSA |
| 6 | ഗണിതപ്രശ്നങ്ങൾ ഉത്ഗ്രഥിക്കൽ | ✧ ഗണിതകഥകൾ, കവിതകൾ, ചിത്രങ്ങൾ എന്നിവയുൾപ്പെടെ ശേഖരിച്ച് സ്കൂൾ ഗണിതമാസിക ഒരുക്കുന്നു<br>✧ ICTസാധ്യതകൾ പ്രയോജനപ്പെടുത്തി ഗണിത നിർദ്ധാരണങ്ങൾ നടത്തുന്നു.<br>✧ ഗണിതചാർട്ട്<br>✧ പാറ്റേൺ ചാർട്ട്<br>✧ പസിൽ<br>✧ ഗെയിം എന്നിങ്ങനെ വിവിധയിനം ഗണിത നിർമ്മിതിയും ഭംഗിയും പ്രായോഗികതയും ഗ്രഹിക്കുന്നു | ഒരു വർഷം | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 20 / Student<br>LSG & Govt.<br>RMSA / SSA |
| 7 | ഗണിതാഭിരുചി വളർത്തുന്നതിന് | ✧ ഗണിതലാബ്<br>✧ ഗണിത ലൈബ്രറി<br>✧ ഗണിത പ്രൊജക്ടുകൾ<br>✧ ബുള്ളറ്റിൻ ബോർഡ് | ഒരു ടേമിൽ ഒന്ന് | അദ്ധ്യാപകർ<br>PTA / MPTA / SMC | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |

## അക്കാദമിക മാസ്റ്റർ പ്ലാൻ – ശാസ്ത്രം

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠനനിലവാരം കണ്ടെത്തുന്നതിന് | ✧ പ്രീടെസ്റ്റുകൾ നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>✧ പരിമിതികൾ മറികടക്കുവാൻ പരിഹാര ബോധന ക്ലാസ്സുകൾ<br>✧ ശാസ്ത്രാഭിമുഖ്യം വളർത്തുന്നതിന് ആവശ്യമായ ലഘുപരീക്ഷണ നിരീക്ഷണങ്ങൾ<br>✧ ശാസ്ത്ര ക്വിസ്<br>✧ ശാസ്ത്ര നിഘണ്ടു നിർമ്മാണം<br>✧ ശാസ്ത്ര കോർണർ | ഒരു മാസം (ജൂൺ) | ശാസ്ത്രാദ്ധ്യാപകർ PTA / MPTA / SMC OSA | Rs. 20 / Student LSG & Govt. SSA / RMSA |
| 2 | കുട്ടികളിൽ ശാസ്ത്രാഭിരുചിയും പ്രക്രിയ ശേഷിയും വളർത്തുക | ✧ ആകർഷകവും കൗതുകകരവുമായ പരീക്ഷണ നിരീക്ഷണങ്ങൾ<br>✧ ശാസ്ത്ര കൗതുകങ്ങൾ<br>✧ ശാസ്ത്ര സെമിനാർ, പ്രൊജക്ട് തുടങ്ങിയവ<br>✧ ലഘു ഉപകരണങ്ങളുടെ ശാസ്ത്രീയ നിർമ്മാണം<br>✧ സയൻസ് എക്സിബിഷൻ<br>✧ ദിനാചരണങ്ങൾ<br>✧ ശാസ്ത്രജ്ഞരേയും അവരുടെ സംഭാവനകളേയും പരിചയപ്പെടുന്നു. | ഒരു വർഷം | ശാസ്ത്രാദ്ധ്യാപകർ PTA / MPTA / SMC OSA | Rs. 25/ Student LSG / Govt. SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 3 | ശാസ്ത്രപഠനത്തിലൂടെ നിരീക്ഷണപാടവം വർദ്ധിപ്പിക്കുക | ✧ പരീക്ഷണ നിരീക്ഷണങ്ങൾ<br>✧ ICT യിലൂടെ ആശയങ്ങൾ ഉറപ്പിക്കുക<br>✧ നിത്യോപയോഗ വസ്തുക്കളുടെ ശാസ്ത്രീയ അടിത്തറ<br>✧ വിവിധ ഫീൽഡ് ട്രിപ്പുകൾ | ഒരു വർഷം | ശാസ്ത്രാദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 50 / Student<br>LSG & Govt.<br>SSA / RMSA |
| 4 | ശാസ്ത്ര പഠനത്തിലൂടെ നവീനാശയങ്ങൾ സ്വാംശീകരിച്ച് നിത്യജീവിതവുമായി ബന്ധപ്പെടുത്തുക | ✧ ശാസ്ത്ര പ്രദർശനം<br>✧ ശാസ്ത്ര പ്രതിഭകളുമായ് സംവാദം, അഭിമുഖം<br>✧ ശാസ്ത്രനിർദ്ധാരണം<br>✧ ശാസ്ത്രബുള്ളറ്റിൻ<br>✧ ശാസ്ത്രകൗതുകം<br>✧ ഭക്ഷണശീലം – ആരോഗ്യം<br>✧ ഭക്ഷണത്തിലെ ഗുരു, ലഘു<br>✧ വിരുദ്ധാഹാരം–ബയോളജി<br>✧ ദൈനംദിന ജീവിതത്തിലെ കെമിസ്ട്രി<br>✧ ദൈനംദിന ജീവിതത്തിലെ ഫിസികസ് | ഒരു വർഷം | ശാസ്ത്രാദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 20 / Student<br>LSG & Govt.<br>SSA / RMSA |
| 5 | ശാസ്ത്ര പഠനത്തിലൂടെ സാമൂഹിക നന്മ | ✧ കൃഷി, ആരോഗ്യം, സാങ്കേതിജ്ഞാനം തുടങ്ങിയ മേഖലകളിൽ ശാസ്ത്രം മനുഷ്യനന്മയ്ക്ക് എങ്ങനെ പ്രയോജനപ്പെടുന്നു എന്ന് ബോധ്യപ്പെടുത്തുക<br>✧ സ്കൂൾ ഗാർഡൻ | ഒരു വർഷം | ശാസ്ത്രാദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | ധനകാര്യ വിശകലനം |
|---|---|---|---|---|---|
| 6 | ഉയർന്ന ശാസ്ത്രാഭിരുചിയുള്ള കുട്ടികളുടെ ശേഷികൾ പരിപോഷിപ്പിക്കുക | ✧ സയൻസ് ടാലന്റ് ഹണ്ട്<br>✧ പ്രത്യേക പഠനബോധന പാക്കേജ്<br>✧ പ്രതിഭാസംഗമം<br>✧ ശാസ്ത്രജ്ഞന്മാരുടെ പ്രചോദനാത്മകമായ ക്ലാസ്സുകൾ<br>✧ ISRO പോലുള്ള ശാസ്ത്ര നിലയങ്ങൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നു. | മൂന്ന് മാസം | ശാസ്ത്രാദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 150 / Student<br>LSG & Govt.<br>SSA / RMSA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - സോഷ്യൽ സയൻസ്

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | പഠനനിലവാരം കണ്ടെത്തുന്നതിന് | ✧ പ്രീടെസ്റ്റുകൾ നടത്തി മികവുകളും പരിമിതികളും കണ്ടെത്തുന്നു.<br>✧ പരിമിതികൾ പരിഹരിക്കുവാൻ പരിഹാരബോധനക്ലാസ്സുകൾ<br>✧ ഫ്ളിപ്പ് കാർഡുകൾ<br>✧ ജിക്സോകൾ<br>✧ ICT Package<br>✧ ശാസ്ത്ര കോർണർ | ഒരു മാസം (ജൂൺ) | സോഷ്യൽ സയൻസ് അദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 10 / Student<br>LSG & Govt.<br>SSA / RMSA |
| 2 | സാമൂഹ്യശാസ്ത്രാഭിരുചി കണ്ടെത്തുന്നതിനും പരിപോഷിപ്പിക്കുന്നതിനും | ✧ സോഷ്യൽ സയൻസ് ക്ലബിന്റെ നേതൃത്വത്തിൽ ചുറ്റുപാടുമുള്ള സാമൂഹിക പ്രശ്നങ്ങൾ കണ്ടെത്തി അപഗ്രഥിക്കുന്നു ഇവ പരിഹരിക്കുന്നതിനുള്ള ക്രിയാത്മ ഇടപെടൽ<br>(ഉദാ. മഴക്കാലരോഗങ്ങൾ, കുടിവെള്ള പ്രശ്നം, പ്ലാസ്റ്റിക്കിന്റെ കെടുതികൾ, പരിസരമലിനീകരണം)<br>✧ ICT സാധ്യത ഉപയോഗപ്പെടുത്തി പഠനം രസകരമാക്കൽ<br>✧ സ്വയം അറിവ് കണ്ടെത്തുന്നതിനായി വേദിയൊരുക്കൽ<br>✧ ഇന്റർനെറ്റിന്റെ സാധ്യതകൾ കുട്ടികളിൽ എത്തിക്കൽ | ഒരു വർഷം | അദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 50/ Student<br>LSG / Govt.<br>SSA / RMSA |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| ഭൗമരസ്യങ്ങൾ കണ്ടെത്തി ദൈനംദിന ജീവിതവുമായി ബന്ധിപ്പിക്കുക | ✧ പാഠഭാഗവുമായി ബന്ധപ്പെട്ട വിവിധ പ്രൊജക്ടുകൾ<br>✧ ICT ഉപയോഗിച്ച് നൂതനാശയങ്ങൾ രൂപീകരിക്കൽ<br>✧ പ്രാദേശിക ചരിത്ര പഠനം<br>✧ ശിൽപ്പശാല<br>✧ പരിസര ശുചിത്വം, കൃഷിവിജ്ഞാനം, പ്രകൃതി സംരക്ഷണം | ഒരു വർഷം | അദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 10/ Student<br>LSG & Govt.<br>SSA / RMSA |
| മൂല്യാധിഷ്ഠിത വിദ്യാഭ്യാസം കുട്ടികൾക്ക് ഉറപ്പാക്കുക | ✧ സഹജീവികളുടെ പ്രശ്നങ്ങളുമായി ഇടപെടുക<br>✧ അഗതിമന്ദിരങ്ങൾ, വൃദ്ധസദനങ്ങൾ, അനാഥാലയങ്ങൾ തുടങ്ങിയവ സന്ദർശിക്കുക<br>✧ അവിടത്തെ അന്തേവാസികളെ സഹായിക്കൽ, അവരുമായി ആശയം പങ്കുവയ്ക്കൽ, വിനോദ പരിപാടികൾ, സമൂഹസദ്യ തുടങ്ങിയവ | ഒരു ടേമിൽ ഒന്നുവീതം | അദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 100/ Student |
| മനുഷ്യജീവിതത്തിന്റെ എല്ലാതലങ്ങളിലും ഉണ്ടാകേണ്ട ധാർമ്മികതയേയും മൂല്യബോധത്തേയും ഉറപ്പിക്കൽ | ✧ മേൽപ്പറഞ്ഞവയ്ക്ക് പുറമെ സ്കൂൾ അസംബ്ലിയിൽ പങ്കുവയ്ക്കൽ<br>✧ ദിനാചരണങ്ങൾ<br>✧ ടാസ്ക് ഫോഴ്സ് രൂപീകരിച്ച് പ്രവർത്തനങ്ങൾ ആവിഷ്കരിക്കുക<br>✧ വാർത്താശേഖരണ ഡയറി<br>✧ വാർത്താക്കുറിപ്പുകൾ<br>✧ കുട്ടിപ്പത്രം<br>✧ സാമൂഹ്യസേവനങ്ങളിൽ പങ്കാളികളാക്കുക<br>✧ NCC, NSS, SPC, RED CROSS തുടങ്ങിയ സംഘടനകളിൽ കുട്ടികളെ പങ്കാളികളാക്കുക | ഒരു വർഷം | അദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 20/ Student<br>LSG / Govt.<br>SSA / RMSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 6 | സമൂഹത്തിൽ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തമാക്കുക | ✧ നമ്മുടെ നിത്യേനയുള്ള പ്രവർത്തനങ്ങളിൽ കുട്ടികളെ പങ്കാളികളാക്കുക<br>✧ കുടുംബാംഗങ്ങളുമായി സുദൃഢമായ ബന്ധം സ്ഥാപിക്കുക<br>✧ കുട്ടികളോടുള്ള ചൂഷണങ്ങൾ ബോധ്യപ്പെടുത്തി അതിൽ നിന്ന് രക്ഷനേടാനുള്ള പ്രാപ്തിയുണ്ടാക്കുക<br>✧ സ്വയം സംരക്ഷണം ഉറപ്പാക്കുക (തായ്ക്കോണ്ട പോലുള്ളവ )<br>✧ സ്കൂൾ അസംബ്ലി, ക്ലബ് പ്രവർത്തനങ്ങൾ എന്നിവയിൽ ലീഡർഷിപ്പ് വളർത്തുക<br>✧ പ്രത്യേക സാമൂഹ്യശാസ്ത്ര വാർത്തകൾ ആൽബമാക്കുക | ഒരു വർഷം | അദ്ധ്യാപകർ<br>PTA / MPTA / SMC<br>OSA | Rs. 50/ Student<br>LSG / Govt.<br>SSA / RMSA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - U.P. വിഭാഗം - ഭാഷ

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | എല്ലാ കുട്ടികൾക്കും മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ മൂന്നു ഭാഷകളിലും അടിസ്ഥാനശേഷി ഉറപ്പിക്കൽ | ✧ അക്ഷരങ്ങൾ ഉറപ്പിക്കുവാൻ Copy, Flip Card, Jiksaw തുടങ്ങിയ പ്രക്രിയകൾ<br>✧ പോസ്റ്റർ, ചുവർപത്രിക തുടങ്ങിയവയുടെ നിർമ്മാണം<br>✧ പരിമിതികൾ മറികടക്കാനുള്ള അധികപഠന സംവിധാനം, പരിഹാരബോധനം | ഒരു മാസം (ജൂൺ) | ഭാഷാദ്ധ്യാപകർ PTA / MPTA | Rs. 10 / Student LSG & Govt. SSA |
| 2 | മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസം എഴുതുന്നതിനും വായിക്കുന്നതിനും ശേഷി വളർത്തുക | ✧ ഡയറിക്കുറിപ്പുകൾ<br>✧ വായനാമൂല<br>✧ ക്ലാസ് ലൈബ്രറി<br>✧ പതിപ്പുകൾ, മാഗസിനുകൾ, ദിനപത്രങ്ങൾ<br>✧ രചനാശിൽപ്പശാലകൾ<br>✧ നിഘണ്ടുനിർമ്മാണം<br>✧ പദസൂര്യൻ<br>✧ പദചിത്രങ്ങൾ | ഒരു വർഷം | ഭാഷാദ്ധ്യാപകർ PTA / MPTA | Rs. 50/ Student LSG / Govt. SSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 3 | വ്യത്തിയുള്ള കൈയ്യക്ഷരം അനുപാതിക വലുപ്പം എന്നിവ ഉറപ്പിക്കൽ | ✧ നിശ്ചിത ലൈനുകൾ ഉള്ള കോപ്പി പുസ്തകത്തിൽ കോപ്പി എഴുതിക്കൽ<br>✧ വിവിധ തരത്തിലുള്ള പേജ് സെറ്റപ്പിൽ നോട്ടീസ്, പോസ്റ്റർ, കവർ സ്റ്റോറി തുടങ്ങിയ തയ്യാറാക്കിക്കൽ<br>✧ കുട്ടികളെ കൊണ്ട് തന്നെ ഫ്ളിപ്പ് കാർഡ് നിർമ്മിക്കുന്നതിനുള്ള പരിശീലനം<br>✧ വിവരണം, യാത്ര, എന്റെ ഗ്രാമം, എന്റെ ദേവാലയം തുടങ്ങിയവയെക്കുറിച്ച് ചെറുവിവരണം | ഒരു വർഷം | ഭാഷാദ്ധ്യാപകർ<br>PTA / MPTA | Rs. 60 / Student<br>LSG & Govt.<br>SSA |
| 4 | പുസ്തത്തിൽ ലക്ഷ്യമിടുന്ന COങ്ങൾ പൂർത്തിയാക്കുക | ✧ ഇവയ്ക്കാവശ്യമായ പഠനപ്രവർത്തനങ്ങൾ, ക്ലസ്റ്റർ നിർദ്ദേശപ്രകാരം ഒരുക്കുക | ഒരു വർഷം | ഭാഷാദ്ധ്യാപകർ<br>PTA / MPTA | Rs. 5/ Student<br>LSG & Govt.<br>SSA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - U.P. വിഭാഗം - സയൻസ്

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | അടിസ്ഥാന ശാസ്ത്രത്തിലുള്ള ശേഷി ഉറപ്പിക്കൽ | ✧ പ്രീടെസ്റ്റ് നടത്തി പരിമിതികളും മികവുകളും കണ്ടെത്തുന്നു പരിമിതികൾ പരിഹരിക്കുന്നു | ഒരു മാസം (ജൂൺ) | ശാസ്ത്രാദ്ധ്യാപകർ<br>PTA / MPTA | Rs. 5 / Student<br>LSG & Govt.<br>SSA |
| 2 | ശാസ്ത്രാഭിരുചി വളർത്തുക | ✧ ലഘുപരീക്ഷണ നിരീക്ഷണങ്ങൾ<br>✧ ദൈനംദിന ജീവിതത്തിലെ ശാസ്ത്രതത്വം<br>✧ ശാസ്ത്രജ്ഞന്മാരുടെ ജീവിതചരിത്രം ക്ലാസ് മാസികയായി തയ്യാറാക്കുന്നു<br>✧ ക്ലാസ്സുകളിൽ തന്നെ ലാബ് സൗകര്യം ഒരുക്കുന്നു<br>✧ ശാസ്ത്രകൗതുകം കുറിപ്പ് തയ്യാറാക്കുന്നു | ഒരു വർഷം | ശാസ്ത്രാദ്ധ്യാപകർ<br>PTA / MPTA | Rs. 50/ Student<br>LSG & Govt.<br>SSA |
| 3 | സ്വയം പരീക്ഷണങ്ങൾ ചെയ്യുവാൻ വൈദഗ്ദ്ധ്യം നേടുന്നു | ✧ ചെറുപരീക്ഷണങ്ങൾ സ്വയം ചെയ്യുന്നു<br>✧ വിവിധ ഉപകരണങ്ങൾ സ്വയം നിർമ്മിക്കുന്നു<br>✧ ICT പ്രയോജനപ്പെടുത്തി പുതിയ പരീക്ഷണങ്ങൾ കാണുന്നു<br>✧ സയൻസ് വർക്ക്ഷോപ്പ്<br>✧ സെമിനാർ | മാസത്തിൽ ഒന്നുവീതം | ശാസ്ത്രാദ്ധ്യാപകർ<br>PTA / MPTA | Rs. 50/ Student<br>LSG & Govt.<br>SSA |
| 4 | സർഗ്ഗാത്മകത വളർത്തുന്നു | ✧ സയൻസ് ഫിക്ഷൻ തയ്യാറാക്കുന്നു<br>✧ ലഘുശാസ്ത്ര നാടകങ്ങൾ അവതരിപ്പിക്കുന്നു<br>✧ ശാസ്ത്രജ്ഞരുമായി അഭിമുഖം<br>✧ ചെറുവർക്ക്ഷോപ്പുകൾ<br>✧ സയൻസ് ഡിക്ഷണറി<br>✧ ദിനാചരണങ്ങൾ<br>✧ ശാസ്ത്രമേളകൾ ഒരുക്കുന്നു<br>✧ പഠനയാത്രകൾ ഒരുക്കുന്നു<br>✧ ശാസ്ത്ര ലൈബ്രറി ഒരുക്കുന്നു | ഒരു വർഷം | ശാസ്ത്രാദ്ധ്യാപകർ<br>PTA / MPTA | Rs. 500 / Student<br>LSG & Govt.<br>SSA |
| 5 | നിത്യജീവിതത്തിലെ ശാസ്ത്ര തത്വങ്ങൾ | ✧ നിത്യജീവിതവും ശാസ്ത്രവുമായി ബന്ധിപ്പിച്ച് കുട്ടികൾ ശാസ്ത്രീയമായി വളരാൻ പ്രാപ്തരാക്കുന്നു | ഒരു വർഷം | ശാസ്ത്രാദ്ധ്യാപകർ<br>PTA / MPTA | Rs. 5 / Student<br>LSG & Govt.<br>SSA |

## അക്കാദമിക മാസ്റ്റർ പ്ലാൻ - U.P. വിഭാഗം - ഗണിതം

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1 | ഗണിതത്തിലെ അടിസ്ഥാനാശയങ്ങൾ ഉറപ്പിക്കുന്നു | ✧ പ്രീടെസ്റ്റ്<br>✧ പരിഹാരബോധനം<br>✧ അധികപരിശീലനം<br>✧ സ്ഥാനവില<br>✧ ചതുഷ്ക്രിയ എന്നിവ ഉറപ്പിക്കുവാൻ സംഖ്യാ കാർഡുകൾ, റിബണുകൾ, സംഖ്യകേളികൾ, ഗണിതപാറ്റേൺ, മുത്തുകൾ, അബാക്കസ് | ഒരു മാസം (ജൂൺ) | ഗണിതാദ്ധ്യാപകർ PTA / MPTA | Rs. 3000 /- Student LSG & Govt. SSA |
| 2 | ഗണിതാസ്വാദനം | ✧ ഗണിതകേളികൾ<br>✧ ഗണിതപസിലുകൾ<br>✧ പാറ്റേണുകൾ എന്നിവ രൂപീകരിക്കൽ, ശേഖരിക്കൽ, അപഗ്രഥിക്കൽ, അവതരിപ്പിക്കൽ, പ്രദർശിപ്പിക്കൽ<br>✧ ഗണിതമൂല<br>✧ അഭിമുഖം, പ്രചോദനാത്മക പ്രഭാഷണം | ഒരു മാസം (ജൂൺ) | ഗണിതാദ്ധ്യാപകർ PTA / MPTA | Rs. 3000 /- Student LSG & Govt. SSA |
| 3 | സർഗ്ഗാത്മകത വളർത്തുക | ✧ ഗണിതവുമായി ബന്ധപ്പെട്ട സർഗ്ഗാത്മകത പ്രവർത്തനം<br>✧ കഥ, പാട്ട്, ചിത്രരചന<br>✧ കളികളിൽ ഒളിഞ്ഞിരിക്കുന്ന ഗണിതം<br>✧ പ്രകൃതിയിലൊളിഞ്ഞിരിക്കുന്ന ഗണിതം<br>✧ ജീവിതത്തിലൊളിഞ്ഞിരിക്കുന്ന ഗണിതം<br>✧ ഗണിതമേളകൾ<br>✧ ഗണിതോപകരണങ്ങളുടെ നിർമ്മാണ പ്രദർശനം | ഒരു വർഷം | ഗണിതാദ്ധ്യാപകർ PTA / MPTA | Rs. 5000 /- Student LSG & Govt. SSA |

| No. | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 4 | ഗണിത പഠനത്തിലെ ICT സാധ്യതകൾ | ✧ സ്മാർട്ട് റൂം ഉപയോഗിച്ച് ഗണിത പഠനത്തിന്റെ ദൃശ്യാവിഷ്ക്കരണം<br>✧ ICT ഉപയോഗിച്ച് പ്രൊജക്ടിനാവശ്യമായ വിവരങ്ങൾ ശേഖരിച്ച് പ്രൊജക്ട് തയ്യാറാക്കൽ<br>✧ Geogebra പോലുള്ള സോഫ്റ്റ് വെയറുകൾ കുട്ടികളുടെ പ്രവർത്തനങ്ങളിൽ ഉൾപ്പെടുത്തട്ടെ | ഒരു വർഷം | ഗണിതാദ്ധ്യാപകർ<br>PTA / MPTA | Rs. 10 /- Student<br>LSG & Govt.<br>SSA |
| 5 | ഗവേഷണ പ്രവർത്തനങ്ങൾക്ക് താത്പര്യം വളർത്തുക | ✧ ഗണിതശിൽപ്പശാല<br>✧ ഗണിതലാബ്<br>✧ അതിഥികളുമായി സംവാദം | ഒരു വർഷം | ഗണിതാദ്ധ്യാപകർ<br>PTA / MPTA | Rs. 2000 /- Student<br>LSG & Govt.<br>SSA |

## അക്കാദമിക മാസ്റ്റർ പ്ലാൻ – ഭൗതികം

പൊതുവിൽ സർക്കാർ വിദ്യാലയങ്ങൾക്ക് പരിമിതികൾ ഏറെയാണെന്ന് എല്ലാവർക്കും അറിവുള്ളതാണ്. അതിനാൽ നിലവിലെ സൗകര്യം കാര്യക്ഷമമായ് ഉപയോഗിക്കുന്നതിനുതകുന്ന പ്രവർത്തനങ്ങൾക്കൊപ്പം പുതുതായി ഭൗതിക സൗകര്യം ഏർപ്പെടുത്തുക കൂടി ചെയ്യേണ്ടതുണ്ട്. ആയതിലേയ്ക്കായി താഴെ പറയുന്ന നിർദ്ദേശങ്ങൾ സമർപ്പിക്കുന്നു.

1. നിലവിലെ ക്ലാസ്മുറികൾ പെയിന്റ് ചെയ്ത് ഫർണീച്ചറുകൾ റിപ്പയർ ചെയ്ത് പരമാവധി വൃത്തിയും ആകർഷണവും ഉള്ള ക്ലാസ് മുറികളാക്കുക. SSA/RMSA ഫണ്ടുകൾ ഇതിനായി വിനിയോഗിക്കാം.
2. പഠനത്തിനനുഗുണമായി ലബോറട്ടറി സൗകര്യം, സ്മാർട്ട് ക്ലാസ് മുറികൾ, വായനാസൗകര്യം എന്നിവ ഒരുക്കുക. ലാബുകൾക്കും ലൈബ്രറികൾക്കും ആവശ്യമായ പഠനോപകരണങ്ങളും പുസ്തകങ്ങളും ഒരുക്കുക. ഇതിന് ലക്ഷങ്ങൾ വേണ്ടിവരും. MLA, MP, Govt.and LSG ഫണ്ടുകൾ പ്രയോജനപ്പെടുത്തണം.
3. കുട്ടികളുടെ ഉച്ചഭക്ഷണത്തിന് നവീനമായ അടുക്കളയും ഊണുമുറിയും ഒരുക്കുക ഇതിന് ഭാരിച്ച ചെലവ് വരുന്നതിനാൽ Govt./ LSG എന്നിവയുടെയും MLA, MP എന്നിവരുടേയും ആസ്തി വികസന ഫണ്ടുകൾ പ്രയോജനപ്പെടുത്തണം.
4. കുട്ടികളുടെ കലാ നൈപുണി വികസിപ്പിക്കുവാൻ പര്യാപ്തമായ വിധത്തിൽ വിസ്താരമേറിയ ഒരു ഹാളും സ്റ്റേജും അനിവാര്യമാണ്. നിലവിലെ ജീർണ്ണിച്ച ഹാൾ പൊളിച്ച് മാറ്റി 60 അടി നീളവും 30 അടി വീതിയുമുള്ള ഒരു ഹാളും അതിനുമുകളിൽ 3 ലാബുകളും നിർമ്മിക്കേണ്ടതുണ്ട്. ഇതേ ഹാളിന്റെ പടിഞ്ഞാറേ അറ്റത്ത് നവീന സൗകര്യങ്ങളുള്ള അടുക്കളയും നിർമ്മിക്കാവുന്നതാണ്. ഹാളിന്റെ കിഴക്കരുകിൽ 30X20 വലിപ്പമുള്ള ഒരു സ്റ്റേജും തയ്യാറാക്കേണ്ടതാണ്. ഇതിന് ഏകദേശം ഒന്നരക്കോടി രൂപ ചെലവ് വരുമെന്ന് കണക്കാക്കുന്നു. ഇതിലേക്കാവശ്യമായ ഫർണ്ണിച്ചറുകൾകൂടി കണ്ടെത്തി പൊതുവിദ്യാലയത്തെ ശക്തിപ്പെടുത്തേണ്ടതുണ്ട്.
5. ഏതൊരു സ്കൂളിനും അനിവാര്യമായ ഘടകമാണ് വിസ്തൃതമായ കളിസ്ഥലം. നിർഭാഗ്യവശാൽ ഗവ. ഗേൾസ് ഹൈസ്കൂൾ ചാലക്കുടിക്ക് ഈ സൗകര്യങ്ങൾ ഇപ്പോൾ ലഭ്യമല്ല. ആയതിനാൽ അനതിവിദൂരഭാവിയിൽ നല്ല ഒരു കളിസ്ഥലം കൂടി രൂപപ്പെടുത്തേണ്ടിയിരിക്കുന്നു. കുട്ടികളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനുള്ള കളിസ്ഥലം അത്യാവശ്യമാണ് മാത്രമല്ല സ്കൂൾ ഗ്രൗണ്ട് ക്ലാസ്സ്മുറിക്ക് തുല്യമാണെന്നാണ് വിദഗ്ധമതം.
6. കുട്ടികളുടെ എണ്ണത്തിനാനുപാതികമായി ടോയ്‌ലറ്റുകൾ ഉണ്ടാകേണ്ടതുണ്ട്. നിലവിലെ ടോയ്‌ലറ്റുകൾ പര്യാപ്തമല്ലാത്തതിനാൽ ഒരു പുതിയ ടോയ്‌ലറ്റ് ബ്ലോക്കുകൂടി സജ്ജമാ

ക്കേണ്ടതുണ്ട്. വിവിധ വകുപ്പുകൾ നൽകുന്ന തുകകൾ ഒരുമിച്ചുചേർത്ത് സ്കൂളുകൾക്ക് ആവശ്യമുള്ള ഭൗതിക സാഹചര്യങ്ങൾ വികസിപ്പിക്കേണ്ടിയിരിക്കുന്നു. RMSA/SSA/LSG എന്നീ സ്ഥാപനങ്ങൾ നൽകുന്ന തുകകൾ ഒരുമിച്ച് ചേർത്ത് പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുവാൻ നിലവിൽ സംവിധാനമില്ലാത്തത് ഒരു പോരായ്മ തന്നെയാണ്. ആയതിനാൽ ഇത്തരം കാര്യങ്ങളിൽ അധികാരികളുടെ ശ്രദ്ധപതിയേണ്ടതാണ്.

7. കുട്ടികൾക്ക് കുടിക്കുവാൻ ശുദ്ധജല ലഭ്യത ഉറപ്പാക്കേണ്ടതുണ്ട്. നിലവിൽ ഗവ. ഗേൾസ് സ്കൂൾ ചാലക്കുടിക്ക് ഇതിനുള്ള സംവിധാനം ഇല്ല ഇതും സ്കൂൾ മാസ്റ്റർ പ്ലാനിനനുസൃത മായി തയ്യാറാക്കേണ്ടതാണ്. സാമ്പത്തികമായി ഏറ്റവും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി നികളാണ് ഈ സ്കൂളിൽ അദ്ധ്യയനം നടത്തുന്നത്. എന്നതുകൊണ്ടുതന്നെ രക്ഷിതാക്ക ളിൽ നിന്നും പണം സ്വരൂപിക്കുക വിഷമം തന്നെ. എന്നാൽ ചെറുതുകകൾ പൂർവ്വ അദ്ധ്യാ പകരിൽ നിന്നും വിദ്യാർത്ഥികളിൽ നിന്നും പൊതുജനങ്ങളിൽ നിന്നും കണ്ടെത്താനാകും.

8. ഇൻഡോർ സ്റ്റേഡിയം പോലുള്ള സൗകര്യങ്ങൾ വിദൂര ഭാവിയിലെങ്കിലും ഒരുക്കേണ്ടതി നാൽ അതിനുതകുന്ന തരത്തിൽ ബൃഹത്തായ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതുണ്ട്.

9. നിലവിൽ ST വകുപ്പിന്റെ പെൺകുട്ടികൾക്കായുള്ള ഹോസ്റ്റൽ സ്കൂൾ കോമ്പൗണ്ടിനുള്ളിൽ പ്രവർത്തിച്ചുവരുന്നു. ഇത് കുറച്ചുകൂടി മികച്ച നിലവാരത്തിലാക്കുകയാണെങ്കിൽ കുട്ടികൾക്ക് താമസത്തിന് താല്പര്യമുണ്ടാകും. ഇപ്പോഴത്തെ ഹോസ്റ്റലിന്റെ പരിമിതികൾ കുട്ടികളെ അകറ്റിനിർത്തുന്നതിൽ ചെറുപങ്കുവഹിക്കുന്നു. ഇതിന്റെ നവീകരണം നിർബന്ധമായും നട ത്തേണ്ടിയിരിക്കുന്നു.

10. ഇതിനുപുറമേ സ്ഥലപരിമിതിയിൽ ഞെരുങ്ങുന്ന ഈ സ്കൂളിൽ പെൺകുട്ടികൾക്കായി വീണ്ടും മറ്റൊരു ജനറൽ ഹോസ്റ്റലിന്റെ പ്രവർത്തനവുമായി RMSA മുന്നോട്ടുപോകുന്നു. ജനറൽ ഹോസ്റ്റൽ പണിയുന്നതിനുള്ള പ്ലാൻ വളരെ നല്ലതാണെങ്കിലും നിലവിലെ ഹോസ്റ്റൽ ആ രീതിയിലല്ലാത്തതിനാൽ ST ഹോസ്റ്റൽ സൗകര്യം കൂടി വരാനിരിക്കുന്ന ഹോസ്റ്റലിന്റെ മുകളിലെ നിലയിലോ പ്ലാൻ മാറ്റി രണ്ട് സെക്ഷനാക്കിയോ പണിയുന്നത് അഭികാമ്യമായി രിക്കും. ഇതുമൂലം സ്കൂൾ കോമ്പൗണ്ടിൽ അല്പമെങ്കിലും സ്ഥലം സൗകര്യം ലഭിക്കുന്ന താണ്.

11. നിലവിൽ നിരവധി പരീക്ഷകളും, മൂല്യനിർണ്ണയ, റീവാലുവേഷൻ ക്യാമ്പ് ഉൾപ്പെടെ നിര വധി പ്രവർത്തനങ്ങൾക്കുപുറമേ നഗര ഹൃദയത്തിലെ സ്കൂളായതിനാൽ നിരവധി പൊതു പരിപാടികളും നടന്നുവരുന്നു. ഇതെല്ലാം താങ്ങുവാനുള്ള സൗകര്യമില്ലായ്മ ഒരു പ്രശ്ന മായി അവശേഷിക്കുന്നു. മൂല്യനിർണയ ക്യാമ്പിന്റെ ഉത്തരക്കടലാസുകളും മറ്റും സൂക്ഷി

ക്കുവാൻ ഒരു സ്ട്രോങ്ങ് റൂമും ഈ സ്കൂളിനാവശ്യമാണ്. ഒരു ക്ലാസ്മുറിയുടെയെങ്കിലും വലിപ്പമുള്ള സ്ട്രോങ്ങ് റൂം ഇതിനായി ഒരുക്കണം.

12. സ്കൂളിൽ വിസിറ്റേഴ്സ് റൂം, സിക്റൂം, കൗൺസലിംഗ് റൂം, സ്പോർട്സ് റൂം, സ്റ്റോർ എന്നിങ്ങനെ അനുബന്ധ സൗകര്യങ്ങൾകൂടി ആവശ്യമാണെന്നുള്ളതുകൊണ്ട് ഇതിനുകൂടിയുള്ള സൗകര്യം ഒരുക്കേണ്ടതുണ്ട്.

ഉയർന്ന ഭൗതിക സാഹചര്യവും അക്കാദമിക മികവും ഉണ്ടെങ്കിൽ കുട്ടികളെ സ്കൂളുലേയ്ക്കാകർഷിക്കാൻ കഴിയും. സർക്കാർ നയങ്ങളിൽ നേരിയ മാറ്റം വരുത്തിയാൽ ഇത് എളുപ്പം സാധിക്കാവുന്നതുമാണ്. 2020 ആകുമ്പോൾ പൊതുവിദ്യാഭ്യാസത്തിന്റെ മുഖചരായ മാറുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഈ പ്ലാൻ തിരുത്തലുകൾക്കും കൂട്ടിച്ചേർക്കലുകൾക്കുമായി സമർപ്പിക്കുന്നു.

# Academic Master Plan

## English Language Learning

### Activity. 1 – Language Skills Development

| AIM | ACTIVITY | PERIOD | SUPPORT | FINANCE |
|---|---|---|---|---|
| • Development of all Children's ability to read, write and speak English fluently. | 1. Handling English class in English itself. | All related class | English Teacher | |
| | 2. English Assembly one day a week. Each class takes turns. | One day a week | class Teacher | |
| | 3. Daily Diary Writing in English – Every child. | Continuously everyday | English Teacher | PTA |
| | 4. Famous quotes Reading in English – One child | All related class | English Teacher | |

## Activity. 2 - English Theatre

| AIM | ACTIVITY | PERIOD | SUPPORT | FINANCE |
|---|---|---|---|---|
| • Creative Competency Development in English language. | 1. English Story Writing | Once in three months | English Teacher | |
| | 2. Converting the lessons into different discourses like drama, skit, dialogue etc. | All related class | English Teacher | PTA |
| | 3. English News Reading | One day a week | class Teacher | |
| | 4. Acquiring the ability to use with grammatical accuracy. | All related class | English Teacher | |
| • Nurturing Reading | 1. Inclusion of English books in the class library - Preparation of reading notes. | Once in a month | English Teacher | PTA |

Authentic Activity :- Readers Theater

| AIM | ACTIVITY | PERIOD | SUPPORT | FINANCE |
| --- | --- | --- | --- | --- |
| • To provide the application of reading skills in a meaningful context and motivate children to read, re-read and think. It enhances students' confidence. | **Readers Theater :-** Readers Theater is a style of theater in which the actors present dramatic readings of narrative material without costumes, scenery or special lighting. Actors use only scripts and vocal expression to help the audience understand the story. It's a way to involve students in reading aloud with vocal expression | Once in a year | English Teacher | PTA |

## Day Celebration Activities



| AIM | ACTIVITY | PERIOD | SUPPORT | FINANCE |
|---|---|---|---|---|
| Development of various capacities | 1. Organizing learning activities as part of major day celebrations like Poster making, christmas Card making etc. | June to March | SRG | PTA |

## ഉപമേഖല :- ഹിന്ദി

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തിക |
|---|---|---|---|---|
| • എല്ലാ കുട്ടികൾക്കും മാതൃഭാഷ കൈകാര്യം ചെയ്യുന്നതു പോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉണ്ടാക്കുക. | 1) ഹിന്ദി പാഠം വായിക്കാനുള്ള സൗകര്യം ഒരുക്കുക.<br>2) ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകങ്ങൾ എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br>3) കുട്ടികളെ കൊണ്ട് ചെറിയ വിഷയങ്ങളിൽ എഴുതാനുള്ള കഴിവ് വർദ്ധിപ്പിക്കുക.<br>4) ഹിന്ദി പ്രസംഗം, നാടകം, കവിതാലാപനം ഇവ പരിപോഷിപ്പിക്കുക. | 1 വർഷക്കാലം | ഹിന്ദി ടീച്ചർ | പി.ടി.എ |

## ഉപമേഖല :- സാമൂഹ്യശാസ്ത്രം

### പ്രവർത്തനം. 1 - മോക്ക് പാർലമെന്റ്

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | 1. നാമ നിർദേശ പത്രിക<br>2. ബാലറ്റ് പേപ്പർ ഉപയോഗിച്ചുള്ള വോട്ടെടുപ്പ്.<br>3. സ്കൂൾ പാർലമെന്റ് രൂപീകരണം.<br>4. മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ 1 തവണ | • ക്ലാസ്സ് - അധ്യാപകർ<br>• സാമൂഹ്യ- ശാസ്ത്രം അധ്യാപകർ | പി ടി എ |

### പ്രവർത്തനം. 2 - പഠനയാത്രകൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • പഠനയാത്രകളിലൂടെ ചരിത്ര സ്മാരകങ്ങൾ, മ്യൂസിയങ്ങൾ, കോട്ടകൾ തുടങ്ങിയവയെക്കുറിച്ച് കൂടുതൽ മനസ്സിലാക്കൽ. | 1. സാമൂഹ്യ പ്രാധാന്യമുള്ള സ്ഥലങ്ങൾ, ചരിത്ര സ്മാരകങ്ങൾ തുടങ്ങിയ സ്ഥലങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ.<br>2. കുറിപ്പ് തയാറാക്കൽ. | വർഷത്തിൽ 1 തവണ | സാമൂഹ്യ- ശാസ്ത്രം അധ്യാപകർ | പി ടി എ |

## പ്രവർത്തനം 3 - വായനാമൂല



| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • സാമൂഹ്യ ശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ. | 1. അധിക വായനയ്ക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ, അറ്റ്ലസുകൾ തുടങ്ങിയവ ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി എന്നിവയിൽ ഉൾപ്പെടുത്തൽ. | വർഷത്തിൽ 1 തവണ | സാമൂഹ്യ-ശാസ്ത്രം അധ്യാപകർ | പി.ടി.എ |
| | 2. ലൈബ്രറി പുസ്തകങ്ങൾ വിതരണം ചെയ്യൽ. | ആഴ്ചയിൽ 1 തവണ | | പി.ടി.എ |

## പ്രവർത്തനം 4 - സാമൂഹ്യ ശാസ്ത്ര ബുള്ളറ്റിൻ ബോർഡ്

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| സാമൂഹ്യ ശാസ്ത്ര നൂതന അറിവുകൾ കണ്ടെത്തൽ, പ്രദർശനം. | 1) എല്ലാ കുട്ടികൾക്കും കാണാനും വായിക്കാനും കഴിയുന്ന രീതിയിൽ ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ. 2) വിവരങ്ങൾ അപ്ഡേറ്റ് ചെയ്ത് ഒട്ടിക്കൽ | വർഷത്തിൽ 1 തവണ | സാമൂഹ്യ-ശാസ്ത്രം അധ്യാപകർ | പി.ടി.എ |

## പ്രവർത്തനം. 5 – സംവാദം, സെമിനാർ

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • ആനുകാലിക വിഷയങ്ങളെക്കുറിച്ച് സംവാദം, പ്രത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ കൂടുതൽ അറിയാൻ. | 1) സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം, പാനൽ ചർച്ച എന്നിവ സംഘടിപ്പിക്കൽ.<br>2) പ്രത്യേക വിഷയങ്ങളിൽ സെമിനാർ നടത്തൽ. | വർഷത്തിൽ 3 തവണ | സാമൂഹ്യ - ശാസ്ത്രം അധ്യാപകർ, എസ്.ആർ.ജി | പി.ടി.എ |

## പ്രവർത്തനം. 6 – ദിനാചരണങ്ങൾ

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • സാമൂഹിക പ്രാധാന്യമുള്ള ദിനങ്ങൾ ആചരിക്കലും അറിവ് പുതുക്കലും. | 1) ചാന്ദ്ര ദിന ക്വിസ്<br>2) ഹിരോഷിമ - നാഗസാക്കി ദിനം : സഡാക്കോ കൊക്കുകളുടെ നിർമാണം<br>3) ഗാന്ധിജയന്തി – പ്രസംഗം<br>4) സ്വാതന്ത്ര്യ ദിനം - പതാക നിർമാണം, പതാക ഉയർത്തൽ<br>5) റിപ്പബ്ലിക് ദിനം - പോസ്റ്റർ - രചനാ മത്സരം | വർഷത്തിൽ 1 തവണ. | സാമൂഹ്യ - ശാസ്ത്രം അധ്യാപകർ, എസ്.ആർ.ജി | പി.ടി.എ |

# अकादमिक मास्टर प्लान - हिन्दी

## हिन्दी वाचन

लक्ष्य : सारे छात्रों को वाचन में सक्षम बनाना

**प्रक्रियायें**

वाचन

- वाचन के लिए हिन्दी के किताबें लाकर बच्चों के अतिरिक्त वाचन को लक्ष्य बनाकर हिन्दी पुस्तकालय तैयार करना। ~~छोटे~~
- मोटे अक्षरोंवाला सचित्रोंवाला सरल कहानियों के पुस्तक, चित्रकथायें, चंदामामा जैसे बाल मासिकायें आदि हिन्दी पुस्तकालय में समाहित हों।
- हिन्दी साहित्यकारों को परिचित कराने के लिए साहित्यकारों की जीवनियों के छोटे छोटे पुस्तक पुस्तकालय में ~~होना~~ समाहित करना। ताकि बच्चे आसानी से साहित्यकारों से परिचय पा सकते हैं। साथ साथ भाषा विनिमय करने की क्षमता भी उनमें बढ़ सकते हैं।
- यू.पी. कक्षा के छात्रों को अक्षर से परिचित कराने के लिए वाचन कार्ड तैयार करना। वाचन कार्ड तैयार करते समय उनमें फल, फूल, तरकारियाँ पक्षि और जानवर के नाम होना है।

- राष्ट्रीय नेताओं तथा साहित्यकारों के चित्रों को समाहित करके उनमें साहित्यकारों के नाम लिखकर वाचन के लिए तैयार करना है।
- छोटे छोटे बालगीतों को समाहित करके वाचन के लिए देना है।
- राष्ट्रगीत, प्रतिज्ञा, हिन्दी के अंक, महीनों के नाम आदि हर दिन वाचन करने के लिए तैयार करके कक्षा में प्रदर्शित करना।
- बालगीत, छोटी कवितायें, छोटे भाषण आदि के अवतरणों से कक्षा प्रारंभ करना।

## हिन्दी लिखाई

प्रक्रियायें

- कॉपी लिखना - छात्र अतिरिक्त वाचन के लिए दिए जाए सामग्रियों से चुनकर या पाठ पुस्तक देखकर कॉपी में लिखने का निर्देश।

छात्र दीवार पत्रिकाओं को तैयार करना।
A4 कागज में तैयार किए पत्रिकाओं को एकत्रित करके एक मैगज़िन तैयार करके प्रदर्शित करना।
वर्कशीट देकर भाषा व्यवहार की वृद्धि करना।

हिन्दी आस्वादन

छात्रों को अवतरण करने में सक्षम बनाने का अवसर देना है। छात्रों के अवतरण के लिए सभी छात्र और अध्यापकों को जोड़कर एक सभा बनाना है। वहाँ सारे छात्र किसी न किसी कार्य की ~~व~~ अवतरण करता है।

हिन्दी असंबली

हिन्दी असंबली चलाने का दायित्व हरेक कक्षा का है। हफ्ते में एक बार असंबली चलाना है। असंबली में प्रार्थना, प्रतिज्ञा, समाचार वाचन, ~~जन्मदीन~~ जन्मदिन आशंसा सारा कार्य हिन्दी में चलाएँगे। अवतरण करने का अवसर सभी छात्रों को मिलने की तरह प्रोग्राम तैयार करना है।

हिन्दी प्रतियोगितायें

प्रक्रियायें -

- हिन्दी में गाने, बताने, वाचन करने तथा लिखने में सक्षम छात्र को प्रोत्साहित करने के लिए प्रतियोगितायें चलाते हैं। कहानी, कविता, भाषण, कविता वाचन, कविता रचना आदि

प्रतियोगितायें चलायेंगे। विजयी को पुरस्कार भी देंगे। हरेक कक्षा में प्रथम छात्र को 'चमकती हिन्दी' नामक प्रोत्साहन इनाम भी देंगे।

दिनाचरण

प्रक्रियायें -

हिन्दी दिवस, पर्यावरण दिवस, बालदिवस, हिन्दी दिवस आदि प्रमुख दिनों में हिन्दी भाषा में पोस्टर तैयार करने का ~~क~~ निर्देश देंगे। छात्रों के लिए तैयार करने हरेक प्रोग्राम में हिन्दी का सान्निध्य लाना है।

हिन्दी क्लब

प्रक्रियायें -

विद्यालय के हिन्दि भाषा के प्रवर्तन को सुगम रूप से चलाने के लिए छात्रों के हिन्दी क्लब की रूपीकृत किया। कक्षा तथा स्कूल तल में प्रेसिडेंड, सेक्रटरी तथा तीन कमिटी मेंबेर्स को जोड़कर कुल पाँच व्यक्तियों न क्लब का संचालन करेगा।

## तकनीकी विद्या

### प्रक्रियायें

हिन्दी के पढ़ाई के लिए मिलनेवाले विभिन्न दृश्य-श्रव्य सामाग्रियों को छात्रों तक पहुँचाने के लिए तकनीकी विद्या का प्रयोग करेंगे। हिन्दी टंकण कला का प्राथमिक पाठ छात्रों को पढ़ाएँगे।

## हिन्दी उत्सव

### प्रक्रियायें

हिन्दी भाषा या हिन्दी दिन के संबन्ध में विद्यालयों में उत्सव समुचित रूप से मनाया जाता है। अध्यापन या साहित्य में प्रमुख व्यक्तियों को बुलाकर उद्घाटन कार्य संपन्न करेगा। अधिक से अधिक छात्र को भाग लेने के उद्देश्य से ग्रूप या समूह सिस्टम का अवतरण करने का निर्देश भी देंगे।

## ഉപമേഖല :- ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തിക |
|---|---|---|---|---|
| • ഗണിത പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1. ഗണിതലാബ് സജ്ജീകരിക്കുകയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക. | ജൂൺ - ജൂലൈ | ഗണിതം ടീച്ചർ | പി.ടി.എ, ഗണിത-ടീച്ചർ |
| | 2. ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി ഗണിതലാബ് ആകർഷകമാക്കുക. | ഡിസംബർ - ജനുവരി | ഗണിതം ടീച്ചർ | പി.ടി.എ, ഗണിത ടീച്ചർ |
| • ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ. | 1. വർക്ക് ഷീറ്റുകൾ ഉപയോഗിച്ചും ക്ലാസ്സിലെ ഗണിതത്തിൽ മിടുക്കരായ കുട്ടികളുടെ സഹായത്തോടെയും അടിസ്ഥാന ഗണിതാശയങ്ങൾ ഉറപ്പിക്കുന്നു. | ജൂൺ | ഗണിതം ടീച്ചർ | പി.ടി.എ |
| • ശിശു സൗഹൃദ പഠന സാമഗ്രികൾ ലഭ്യമാക്കുക. | 1. ക്ലാസ്സ് ലെവൽ ഗണിതലാബിൽ കുട്ടികൾക്ക് കൂടുതൽ അവസരങ്ങൾ നൽകുന്നു. | | ഗണിതം ടീച്ചർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • മികച്ച ഗണിത ഗ്രന്ഥ വായന പ്രോൽസാഹിപ്പിക്കുക. | 1. ഗണിതപുസ്തകങ്ങൾ വായിച്ച് പ്രധാന ആശയങ്ങളും, സൂത്രവാക്യങ്ങളും, പസിലുകളും കണ്ടെത്തി ഗണിത ക്ലബ്ബിൽ മൽസരം നടത്തുക-<br>2. ഗണിത ലൈബ്രറി ശാക്തീകരിക്കുക. | ജൂൺ - ഡിസംബർ | ഗണിതം ടീച്ചർ | പി.ടി.എ, ഗണിതം-ടീച്ചർ |
| • ഗണിത പഠനം രസകരവും ആകർഷകവുമാക്കുക. | 1. ഗണിത ബുള്ളറ്റിൻ ബോർഡ് സ്ഥാപിക്കൽ.<br>2. ഗണിത ക്ലബ്ബ് - ശാക്തീകരണം | ആഗസ്ത്- ഡിസംബർ | ഗണിതം അധ്യാപകർ | പി.ടി.എ |
| • ഗണിതത്തിലെ മുഴുവൻ പഠന നേട്ടങ്ങളും ആർജ്ജിക്കുവാൻ കുട്ടികളെ പ്രാപ്തരാക്കുക. | 1. ഗണിതം വർക്ക്ഷീറ്റ്<br>2. Geogebra പരിശീലനം<br>3. ഗണിത വിജയം - പരിപാടി നടത്തുക. | ജൂൺ - മാർച്ച് | ഗണിതം അധ്യാപകർ | പി.ടി.എ |
| • ഗണിതകളി, പസിൽസ്, നാട്ടറിവ്, ഒറിഗാമി, പാട്ട് | 1. ഗണിത ഗെയിം കോർണർ<br>2. പസിൽ കോർണർ<br>3. നാട്ടറിവ് ശേഖരണം | Monthly | ഗണിതം അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
| --- | --- | --- | --- | --- |
| • ഗണിത സാഹിത്യ സൃഷ്ടികൾ പരിചയപ്പെടുന്നു, സ്വയം രചനകൾ നടത്തുവാനും, ഗണിത പഠനം രസകരമാക്കുന്നതിനും കഴിയുന്നു. | 1. ഗണിത മാഗസിൻ<br>2. ചുമർ പത്രികകൾ<br>3. ഗണിതശാസ്ത്രമേള<br>4. ചോദ്യോത്തരപ്പെട്ടി | ജൂലൈ-ഡിസംബർ | ഗണിതം അധ്യാപകർ | പി.ടി.എ |
| • മികച്ച ഗണിത പ്രതിഭകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനും സാധിക്കുന്നു. | 1. ഗണിത മെഗാക്വിസ്<br>2. Maths Talent Search Examination Eg:- Numats, USS, ഗണിതോത്സവം | ജൂൺ-ഡിസംബർ<br>ഒക്ടോബർ-നവംബർ | ഗണിതം അധ്യാപകർ | പി.ടി.എ |
| • ദിനാചരണം സംഘടിപ്പിക്കുക. | 1. സ്വാതന്ത്ര്യദിനം August 15th പതാക നിർമാണം | ആഗസ്റ്റ് | ഗണിതം അധ്യാപകർ | പി.ടി.എ |
| • കലണ്ടർ പ്രത്യേകതകൾ കണ്ടെത്തുന്നു. | 1. കലണ്ടർ കളികൾ<br>2. കലണ്ടർ Magic Square<br>3. GK - പ്രശ്നോത്തരി | ജൂലൈ | ഗണിതം അധ്യാപകർ | പി.ടി.എ |
| • ചതുഷ് ക്രിയകൾ ഉറപ്പിക്കുന്നു. | 1. സംഖ്യാചക്രം<br>- വിവിധ ക്രിയകൾ അടങ്ങിയ strips നൽകി ക്രിയ ചെയ്യുന്നു. | | | |

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| | - പട്ടിക ചാർട്ടിൽ പ്രദർശിപ്പിക്കുന്നു.<br>- ICT ഉപയോഗിക്കുന്നു.<br>- ജോഡികൾ കണ്ടെത്തുന്നു.<br>- സംഖ്യാചക്രം കറക്കി 2 സംഖ്യകൾ തെരഞ്ഞെടുക്കുന്നു.<br>- അവ തമ്മിലുള്ള സങ്കലനം, വ്യവകലനം, ഗുണനം, ഹരണം<br>- കളികൾ ചെയ്ത് കണ്ടെത്തി പരിശീലനം. | ജൂൺ - ആഗസ്റ്റ് | ഗണിതം അധ്യാപകർ | പി.ടി.എ |
| • പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ | 1. സമയചക്രം<br>- Black & White ചാർട്ട് ഉപയോഗിച്ച് സമയചക്രം തയാറാക്കുന്നു.<br>- AM & PM<br>- സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്ന പരിഹരണത്തിന് ഉപയോഗപ്പെടുത്തുന്നു. | സെപ്റ്റംബർ | ഗണിതം അധ്യാപകർ | പി.ടി.എ |

## ഉപ മേഖല : ശാസ്ത്രം

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളിൽ ശാസ്ത്രാഭിരുചി വളർത്തൽ. | 1. ശാസ്ത്രതത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളിലൂടെയുള്ള കുട്ടികളുടെ അവതരണം പൊതു സമൂഹത്തിന് മുന്നിൽ പ്രദർശിപ്പിക്കൽ | വർഷത്തിൽ 1 തവണ | ശാസ്ത്രം അധ്യാപകർ | പി.ടി.എ |
| | 2. സ്കൂൾ തല സയൻസ്-എക്സിബിഷൻ | വർഷത്തിൽ 1 തവണ | ശാസ്ത്രം അധ്യാപകർ | പി.ടി.എ |
| | 3. ഗവേഷണാത്മക പ്രോജക്റ്റ് ഏറ്റെടുന്നുള്ള പഠനം | വർഷത്തിൽ 1 തവണ | ശാസ്ത്രം അധ്യാപകർ | പി.ടി.എ |
| • ശാസ്ത്രമേളകളിൽ കുട്ടികളുടെ പൂർണ പങ്കാളിത്തം ഉറപ്പുവരുത്തൽ. | 1. മേളകളിൽ പങ്കെടുക്കുന്ന കുട്ടികൾക്ക് പരമാവധി പ്രോൽസാഹനം നൽകൽ | വർഷത്തിൽ 3 തവണ | ശാസ്ത്രം അധ്യാപകർ | പി.ടി.എ |
| • ശാസ്ത്ര പതിപ്പ് തയാറാക്കൽ. | 1. കുട്ടികൾ തയാറാക്കുന്ന ശാസ്ത്ര സംബന്ധമായ അറിവുകൾ, ലേഖനങ്ങൾ, കവിതകൾ തുടങ്ങിയവ ഉപയോഗപ്പെടുത്തി ശാസ്ത്രപതിപ്പ് തയാറാക്കൽ | വർഷത്തിൽ 1 തവണ | സയൻസ്-ടീച്ചർ, എസ്.ആർ.ജി | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
| --- | --- | --- | --- | --- |
| ശാസ്ത്ര പ്രക്രിയാ ശേഷി വികസിപ്പിക്കുക. | 1) ശാസ്ത്ര പാഠഭാഗവുമായി ബന്ധപ്പെട്ട് ശാസ്ത്രവിസ്മയചുമർ ഓരോ ക്ലാസിലും നിർമിക്കുന്നു.<br>2) കുട്ടികളിൽ ശാസ്ത്ര അവബോധം വർധിപ്പിക്കുന്നതിനായി ക്ലാസുകളിൽ ശാസ്ത്ര മാസികകൾ ഉൾക്കൊള്ളിച്ച് ശാസ്ത്ര ലൈബ്രറി. | വർഷത്തിൽ 1തവണ<br>1 വർഷം | സയൻസ് അധ്യാപകർ<br>സയൻസ് അധ്യാപകർ | പി.ടി.എ<br>പി.ടി.എ |
| • ശാസ്ത്ര രംഗത്തെ നൂതന ആശയങ്ങൾ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സാധ്യതകളുമായി ബന്ധപ്പെടുത്തി ശാസ്ത്രപഠനത്തിനായി പ്രയോജനപ്പെടുത്തുക. | 1) ഐ.സി.ടി യുടെ സഹായത്തോടെ ശാസ്ത്ര വിസ്മയങ്ങൾ കുട്ടികളിലേക്ക് എത്തിക്കുന്നു.<br>2) പുതിയ കണ്ടെത്തലുകൾ, ശാസ്ത്ര സത്യങ്ങൾ, ശാസ്ത്രകാരൻമാരുടെ ജീവചരിത്രങ്ങൾ പാഠഭാഗവുമായി ബന്ധപ്പെട്ട കൂടുതൽ അറിവുകൾ എന്നിവയുടെ വീഡിയോ പ്രദർശനം | 1 വർഷകാലം | സയൻസ് അധ്യാപകർ | പി.ടി.എ |

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
| --- | --- | --- | --- | --- |
| ജീവിത സാഹചര്യങ്ങളിൽ നിന്നും ചുറ്റുപാടുകളിൽ നിന്നും ശാസ്ത്രത്തെ തിരിച്ചറിയൽ | 1. വംശനാശ ഭീഷണി നേരിടുന്ന സസ്യങ്ങളെ കണ്ടെത്തൽ.<br>2. ജൈവ വൈവിധ്യ രജിസ്റ്റർ നിർമാണം<br>3. ഫീൽഡ് ട്രിപ്പുകൾ.<br>4. ജൈവവൈവിധ്യ പാർക്ക് നിർമാണം. | 1 വർഷ കാലം | സയൻസ് അധ്യാപകർ, എസ്.ആർ.ജി | പി.ടി.എ |
| ദിനാചരണ പ്രവർത്തനം | | | | |
| • ശാസ്ത്രാഭിരുചി വളർത്തുന്ന വിധത്തിൽ ദിനാചരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു. | 1. ശാസ്ത്ര മാഗസിൻ നിർമാണം<br>2. പോസ്റ്റർ രചന : പരിസ്ഥിതി ദിനം<br>3. ഓസോൺ ദിന ക്വിസ്.<br>4. റോക്കറ്റ് നിർമാണം. | 1 വർഷകാലം | സയൻസ് അധ്യാപകർ, എസ്.ആർ.ജി | പി.ടി.എ |

## ഉപ മേഖല:- ഐ.ടി

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • ഐ ടി കൈകാര്യം ചെയ്യുന്നതിനുള്ള ധാരണ കുട്ടികൾക്ക് ലഭ്യമാക്കുന്നു. | 1) ഐ ടി ലാബ്<br>2) ഇ ലൈബ്രറി<br>3) വീഡിയോ എഡിറ്റിംഗ് പരിശീലനം<br>4) ടൈപ്പിംഗ് പരിശീലനം<br>5) ഡിജിറ്റൽ പെയിന്റിംഗ്.<br>6) ആശംസാ കാർഡ് നിർമാണം<br>7) Geogebra (ജിയോജിബ്ര)<br>8) സൗണ്ട് റിക്കോർഡിംഗ് | ആഴ്ചയിൽ 2 ദിവസം | ക്ലാസ്സ് അധ്യാപകർ | പി.ടി.എ |

മേഖല:- ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളുടെ കായികശേഷി വർദ്ധിപ്പിച്ച് മികവിലെത്തിക്കൽ. | 1. കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താൽപര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലേക്കെത്തിക്കൽ.<br>2. ഖൊ-ഖൊ പരിശീലനം.<br>3. റെഗുലർ ക്ലാസ്സ് സമയത്തിന് ശേഷമുള്ള പരിശീലനം. | വർഷകാലം | കായികാധ്യാപിക. | പി.ടി.എ |

## ഉപമേഖല - കൗൺസിലിംഗ്

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
| --- | --- | --- | --- | --- |
| • വിവിധങ്ങളായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികൾക്ക് കൗൺസിലിങ് നൽകൽ, നല്ല വ്യക്തിത്വമുള്ളവരാക്കൽ. | 1. ആത്മവിശ്വാസം, ധൈര്യം ഇവ വർധിപ്പിച്ച് കുട്ടികൾ നേരിടുന്ന വിവിധങ്ങളായ പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തൽ.<br>2. അഭിമുഖം, നിരീക്ഷണം, പ്രശ്ന പരിഹാരണം തുടങ്ങിയ വിവിധ മാർഗ്ഗങ്ങൾ അവലംബിച്ച് കൗൺസിലിംഗ് ഫലപ്രദമാക്കൽ.<br>3. ഇൻഡിവിഡ്വൽ കൗൺസിലിങ്, ഗ്രൂപ്പ് കൗൺസിലിങ്. | എല്ലാ ദിവസവും | കൗൺസിലിങ് ടീച്ചർ | |

## ഉപമേഖല:- CPTA ശക്തിപ്പെടുത്തൽ

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്, പോരായ്മകൾ എന്നിവ തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പു വരുത്തലും. | 1. CPTA യോഗം കാര്യക്ഷമമായി നടത്തൽ.<br>2. കുട്ടികളുടെ പഠനനേട്ടങ്ങൾ, പഠന തെളിവുകൾ, എത്താതെ പോയ പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | വർഷത്തിൽ 3തവണ | എസ്.ആർ.ജി, ക്ലാസ്സ്-ടീച്ചർ | പി.ടി.എ |

## ഉപമേഖല :- കലാപരിപോഷണം

| ലക്ഷ്യം | പ്രവർത്തനം | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|
| • കുട്ടികളുടെ സർഗവാസനകളെ പരിപോഷിപ്പിക്കൽ. | 1. കുട്ടികളുടെ സർഗവാസനകൾ കണ്ടെത്തി പരിപോഷിപ്പിക്കൽ.<br>2. സംഗീതം, നൃത്തം, അഭിനയം, കഥാരചന, കവിതാലാപനം, ഉപകരണ സംഗീതം തുടങ്ങി വ്യത്യസ്ത കഴിവുള്ള കുട്ടികളെ കണ്ടെത്തി കലോത്സവത്തിന് വേണ്ട പരിശീലനം നൽകൽ | 1വർഷക്കാലം | എസ്.ആർ.ജി, ക്ലാസ്സ്-ടീച്ചർ | പി.ടി.എ |

## ഉപസംഹാരം

ജി.ജി.എച്ച്.എസ്. ചാലക്കുടി യു.പി. വിഭാഗത്തിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പാഠ്യ-പാഠ്യേതര പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയാറാക്കിയതാണ്. കുട്ടിയുടെ സർവതോന്മുഖമായ വികാസമാണ് വിദ്യാഭ്യാസം കൊണ്ട് ലക്ഷ്യമാക്കുന്നത്. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടിയുടെ അവകാശമാണ് എന്ന ആശയം പൂർണമായും പ്രാവർത്തികമാക്കാൻ ഈ അക്കാദമിക മാസ്റ്റർ പ്ലാനിൽ രേഖപ്പെടുത്തിയ പ്രവർത്തനങ്ങളിലൂടെ സാധിക്കും. പഠനപ്രവർത്തനങ്ങൾക്ക് അനുബന്ധമായുള്ള ഈ പ്രവർത്തനങ്ങൾ ഉദ്ദേശിച്ച രീതിയിൽ നടപ്പിലാക്കാൻ രക്ഷിതാക്കളുടെയും സമൂഹത്തിന്റെയും ജനപ്രതിനിധികളുടെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും സഹായം കൊണ്ട് സ്കൂളിന് സാധിക്കും എന്ന വിശ്വാസത്തോടെയാണ് 2025-26 അധ്യയന വർഷത്തെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയാറാക്കിയത്. അതിന് കഴിയുമെന്ന ഉത്തമബോധ്യവും ഞങ്ങൾക്ക് ഉണ്ട്.

* * * * *